"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - വാർഷിക പദ്ധതി 2024-25 - കെ.എസ്.ആർ.ടി.സി.യിലെ അടിസ്ഥാന സൗകര്യ വികസനവും, വർക്ക്ഷോപ്പുകളുടെയും, ഡിപ്പോകളുടെയും നവീകരണവും എന്ന പദ്ധതിക്ക് 6.0425 കോടി രൂപ റിലീസ് ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.154/2025/TRANS തീയതി,തിരുവനന്തപുരം, 25-03-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 121/2025/ഗതാഗതം തീയതി 17.03.2025.

2. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 21.03.2025 തീയതിയിലെ ബഡ്.1/043832/2023 നമ്പർ കത്ത്.

**ഉത്തരവ്**

കെ.എസ്.ആർ.ടി.സി.യിലെ അടിസ്ഥാന സൗകര്യ വികസനവും, വർക്ക്ഷോപ്പുകളുടെയും, ഡിപ്പോകളുടെയും നവീകരണവും എന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 'Construction of new bus bay, Retrofitting, Renovation & Allied works of existing building at KSRTC Complex, Kottarakkara' എന്ന പ്രവർത്തിക്ക് 6.0425 കോടി രൂപയും, '2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നിർവഹിച്ചയിനത്തിൽ കരാറുകാർക്കും, കമ്പനികൾക്കും നൽകാനുള്ള തുകയായ 5.9575 കോടി രൂപയും ചേർന്ന് ആകെ 12 കോടി രൂപ 5055-00-190-99-01 ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകണമെന്ന് കെ.എസ്.ആർ.ടി.സി., ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'Construction of new bus bay, Retrofitting, Renovation & Allied works of existing building at KSRTC Complex, Kottarakkara' എന്ന പ്രവർത്തിയ്ക്ക് നടപ്പ സാമ്പത്തിക വർഷത്തിൽ "5055-00-190-99-01(P) Infrastructure Developments and Modernization of depots and workshops" ശീർഷകത്തിൽ നിന്നും 6.0425 കോടി രൂപ, കെ.എസ്.ആർ.ടി.സി. ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ 799012700002234 എന്ന പി.എസ്.ടി.എസ്.ബി. അക്കൗണ്ടിലേക്ക് റിലീസ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി ബി നൂഹ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
ധനകാര്യ (പി.യു.-എ) വകുപ്പ്
(25/03/2025 തീയതിലെ നം. 2646167/PU-A2/59/2023-FIN-Part(1) പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & മീഡിയ), വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (E 3079159)

ഉത്തരവിൻ പ്രകാരം,

Signed by
Sawmini Jayakumar
സെക്ഷൻ ഓഫീസർ.
Date: 25-03-2025 17:25:06

പകർപ്പ്:- ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.